# ALL UNIONS / ASSOCIATIONS OF BSNL
## KERALA CIRCLE

സർക്കുലർ നമ്പർ: 06/2018-2020

തീയതി: 07-07-2018

## ജൂലൈ 11 ന്
## CCA / SSA കേന്ദ്രങ്ങളിൽ പ്രകടനം

സഖാവെ / സുഹൃത്തെ,

ശമ്പളപരിഷ്കരണം, പെൻഷൻ പരിഷ്കരണം, 4ജി സ്പെക്ട്രം അനുവദിക്കൽ, പെൻഷൻ കോൺട്രിബ്യൂഷൻ തുടങ്ങിയ വിഷയങ്ങളിൽ മന്ത്രിയുമായി 24-2-2018 ൽ നടന്ന ചർച്ചയിൽ ഉണ്ടായ തീരുമാനത്തിന്മേൽ കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ വീണ്ടും പ്രക്ഷോഭം ആരംഭിക്കാൻ ആൾ യൂണിയന്റെ/അസോസിയേഷന്റെ കേന്ദ്ര നേതൃത്വം തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 6-7-2018 ന് ശ്രീ.ബിനു (AIBSNLEA) വിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആൾ യൂണിയൻ/അസോസിയേഷൻ സർക്കിൾതല യോഗം പ്രക്ഷോഭ പരിപാടി വിജയിപ്പിക്കുവാൻ തീരുമാനിച്ചു. SNEA, AIBSNLEA, AIGTEOA, NUBSNLW (FNTO), BSNLEU പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

* ജൂലായ് 11 ന് തിരുവനന്തപുരത്ത് CCA (Controller of Communication Accounts) യുടെ ഓഫീസിനു മുമ്പിലും, മറ്റു ജില്ലകളിൽ എസ്.എസ്.എ.കേന്ദ്രങ്ങളിലും പ്രകടനം നടത്തണം.

* ധർണ്ണ, സമരം എന്നിവയെ സംബന്ധിച്ച് CGM ന്റെ 30-6-2018 ലെ കത്ത്പിൻവലിക്കാൻ CGM നോട് നേരിട്ട് ആവശ്യപ്പെടണം.

* സംയുക്ത പരിപാടികളുമായി ബന്ധപ്പെട്ട് ഉണ്ടായ പോലീസ് കേസുകളിൽ ചിലവായ തുക (രൂ.22,500) നാലു സംഘടനകൾ ( BSNLEU, SNEA, AIBSNLEA, SEWA) തുല്യമായി വീതിക്കുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഓരോ സംഘടനയും രൂ.5,625/- വീതം സംസ്ഥാന കൺവീനറെ ഏല്പിക്കണം.

* AUAB യുടെ അടുത്ത സർക്കിൾതല യോഗം 11-7-2018 ൽ തിരുവനന്തപുരം സി.ജി.എം.ടി. ഓഫീസിൽ ചേരും. AUAB മറ്റു പ്രക്ഷോഭ പരിപാടികൾ വിജയിപ്പിക്കുന്നതിനാവശ്യമായ തീരുമാനമെടുക്കും.

* എല്ലാ ജില്ലകളിലും സംയുക്ത യോഗം ചേരണം.

അഭിവാദനങ്ങളോടെ,

സി. സന്തോഷ് കുമർ,
കൺവീനർ.